# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1747 — 05/12/2014 ലെ മറുപടിക്ക്

### ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | എ) | ആലത്തൂർ മോഡേൺ റൈസ് മിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |
| ബി) | വർഷങ്ങളായി പ്രസ്തുത സ്ഥാപനം പ്രവർത്തനരഹിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | 08.06.2010 മുതൽ മിൽ പ്രവർത്തിക്കുന്നില്ല. |
| സി) | വെയർഹൗസിംഗ് കോർപ്പറേഷന്റെ മേൽനോട്ടത്തിലാണ് ഇപ്പോൾ ഈ സ്ഥാപനം ഉള്ളതെന്ന കാര്യം അറിയുമോ; | സി) | വെയർഹൗസിംഗ് കോർപ്പറേഷന്റെ മേൽ നോട്ടത്തിലാണ് പ്രസ്തുത മിൽ ഇപ്പോൾ ഉള്ളത്. |
| ഡി) | എന്തുകൊണ്ടാണ് പ്രസ്തുത മിൽ തുറന്നു പ്രവർത്തിപ്പിക്കാത്തതെന്ന് വ്യക്തമാക്കുമോ; | ഡി) | പ്രവർത്തനത്തിനാവശ്യമായ നെല്ല് സംഭരിച്ച് നൽകുവാനുള്ള കരാർ ആലത്തൂർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി ഏറ്റെടുത്തിരുന്നുവെങ്കിലും മിൽ പ്രവർത്തിക്കുവാൻ ആവശ്യമായ നെല്ല് നിശ്ചിത അളവിലും നിശ്ചയിക്കപ്പെട്ട നിരക്കിലും സപ്ലൈ ചെയ്യുവാൻ സൊസൈറ്റിക്ക് സാധിച്ചില്ല. അതുമൂലം മിൽ പ്രവർത്തിപ്പിക്കുവാൻ സാധിച്ചില്ല. കൂടാതെ കോർപ്പറേഷനിലുള്ള താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുവാനുള്ള കോടതി ഉത്തരവ് പ്രകാരം 17.08.2010-ൽ മിൽ പ്രവർത്തിപ്പിച്ചുകൊണ്ടിരുന്ന താൽക്കാലിക ജീവനക്കാരെയും പിരിച്ചുവിടുകയുണ്ടായി. |
| ഇ) | മിൽ തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഇ) | മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ കേരള സ്റ്റേറ്റ് സീഡ് അതോറിറ്റിയുമായി നടത്തിയിട്ടുണ്ട്. മിൽ പ്രവർത്തനം പുനരാരംഭിക്കുവാനുള്ള നടപടികൾ ത്വരിതഗതിയിലാണ്. |

സെക്ഷൻ ഓഫീസർ